**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6424** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാനയെ പിടിക്കുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ജനവാസ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്ന പേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടിക്കുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; ഏതൊക്കെ വിഭാഗങ്ങളിൽ നിന്നുള്ള എത്ര പേരാണ് പ്രസ്തുത ടാസ്ക് ഫോഴ്സിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ മൂന്നാർ വനം ഡിവിഷനിൽപ്പെട്ട ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങിയ ജനവാസമേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വകുപ്പിലെ വിവിധ തസ്തികകളിൽപ്പെട്ട 70 ഓളം ജീവനക്കാർ ഉൾപ്പെട്ട ഒരു ടീമിനെ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. ആക്ഷൻ ആരംഭിക്കുന്നതിനു തൊട്ടുമുൻപ് മാത്രമേ ഇത് സംബന്ധിച്ച അന്തിമ പട്ടിക തീരുമാനിക്കുകയുള്ളു |
| (ബി) | പ്രസ്തുത ആനയെ പിടികൂടുന്നതിനായി പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉത്തരം (എ)-യിൽ പറയുന്ന ടീമിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡ്യൂട്ടികൾ നിശ്ചയിച്ച് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ടാസ്ക് ഫോഴ്സ് എന്നാണ് പ്രവർത്തനമാരംഭിച്ചതെന്നും നാളിതുവരെ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. ആയതിലേക്കായി ഇതുവരെ 2,37,320/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ